(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഏജൻസികളിൽ നിന്നും ഇതര സർക്കാരുകളിൽനിന്നും മത്സ്യവികസനത്തിനും മത്സ്യബന്ധനത്തിനുമായി എത്ര രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ഏതൊക്കെ ജില്ലകളിൽ ചെലവ് ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(സി) മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ വിതറുവാൻ തുക ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഡി) കടലിൽ വിതറുന്ന മത്സ്യക്കുഞ്ഞുങ്ങൾ വളർന്ന് കേരളാതിർത്തിക്ക് അപ്പുറമുള്ള കടലിലേയ്ക്ക് പോകുന്നത് തടയുവാൻ കഴിയാത്തതിനാൽ മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ വിതറുന്ന ഇനത്തിൽ തുക ചെലവ് ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 4909.81 ലക്ഷം രൂപ

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്. 18.83 ലക്ഷം രൂപ.

(ഡി) കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി ഫിഷറീസ് വകുപ്പ് പരീക്ഷണാർത്ഥം നടപ്പിലാക്കി വരുന്ന ഒന്നാണ്. പദ്ധതിയുടെ വിജയസാദ്ധ്യത വിശദമായി വിലയിരുത്തിയതിന് ശേഷം ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

മത്സ്യത്തൊഴിലാളിക്ഷേമ പ്രവർത്തനം

3 (1983) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത് ; ഇവയിൽ ഒരാളുടെ ശരാശരി വരുമാനം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) 1996 മുതൽ നാളിതുവരെ ഓരോ വർഷവും മത്സ്യഉല്പാദനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മത്സ്യത്തിന്റെ മാർക്കറ്റ് വില എത്ര വീതമായിരുന്നുവെന്ന് അറിയിക്കാമോ ;

(ഡി) ഏതെല്ലാം ഇനത്തിൽപ്പെട്ട മത്സ്യങ്ങളാണ് കൂടുതലായി ഉല്പാദിപ്പിക്കാറുള്ളതെന്നും അവയുടെ ഓരോന്നിന്റെയും മാർക്കറ്റ് വില പ്രസ്തുത കാലയളവിൽ എത്രയായിരുന്നുവെന്നും വെളിപ്പെടുത്താമോ ;

(ഇ) മത്സ്യദൗർലഭ്യവും മത്സ്യബന്ധനച്ചെലവും വർദ്ധിച്ചതുമൂലം മത്സ്യ തൊഴിലാളികൾ കടുത്ത പട്ടിണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2,25,605 മത്സ്യത്തൊഴിലാളികൾ. ഇവരിൽ ഒരാളുടെ ശരാശരി വാർഷിക വരുമാനം പതിനായിരം രൂപ മുതൽ പതിനയ്യായിരം രൂപ വരെയാണ്.

(ബി)

വർഷം	മത്സ്യ ഉല്പാദനം (മെട്രിക് ടൺ)
1996-97	713058
1997-98	569300
1998-99	648349

(സി)

വർഷം	മാർക്കറ്റുവില
1996-97	1,43,14,873 രൂപ
1997-98	1,19,55,300 രൂപ
1998-99	1,49,76,862 രൂപ

(ഡി) കൂടുതലായി ഉല്പാദിപ്പിക്കാറുള്ള മത്സ്യങ്ങളുടെയും അവയുടെ മാർക്കറ്റ് വിലയും താഴെ കൊടുക്കുന്നു.

മത്സ്യ ഇനങ്ങൾ	മാർക്കറ്റ് വില (രൂപ/കി.ഗ്രാം)		
	1996-97	1997-98	1998-99
1. നെയ്മത്തി	29.00	32.00	35.00
2. നെയ്മീൻ	28.00	30.00	32.00
3. നരിമീൻ	25.00	28.00	30.00
4. പാര	32.00	36.00	42.00
5. അയില	36.00	38.00	40.00
6. ചൂര	37.00	39.00	42.00
7. മാത്തൻ	18.00	20.00	22.00
8. ചെമ്മീൻ	80.00	100.00	120.00
9. കണവ	25.00	30.00	30.00
10. ഞണ്ട് വർഗ്ഗങ്ങൾ	70.00	80.00	90.00

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly